2025 MAY
13
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യൻ ഓഹരികൾ കുതിച്ചുകയറി

**മുംബൈ:** വെടിനിർത്തൽ പ്രഖ്യാപനങ്ങൾ ആഗോള, ആഭ്യന്തര സാമ്പത്തികമേഖലയ്ക്കു സമ്മാനിച്ച ആശ്വാസത്തിന്റെ കരുത്തിൽ ഇന്ത്യൻ ഓഹരികൾ ഇന്നലെ കുതിച്ചുകയറിയത് സമീപകാലത്തെ ഏറ്റവും മികച്ച ഉയരത്തിലേക്ക്. ബദ്ധവൈരികളായ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ നിലനിന്ന യുദ്ധസമാന സാഹര്യത്തിന് അറുതിയായതും ലോകത്തെ ഏറ്റവും വലി രണ്ടു സാമ്പത്തികശക്തികളായ യുഎസും ചൈനയും തമ്മിലെ വ്യാപാരയുദ്ധം' അവസാനിക്കുന്നതും ഊർജമാക്കിയാണ് ഓഹരികളുടെ കുതിപ്പ്.



കഴിഞ്ഞ 4 വർഷത്തിനിടയിലെ ഏറ്റവും വലിയ ഏകദിന മുന്നേറ്റമാണ് സെൻസെക്സും നിഫ്റ്റിയും കാഴ്ച വച്ചത്. ഇന്ത്യപാക്കിസ്ഥാൻ സംഘർഷത്തിന് അയവുവന്നപ്പോൾ തന്നെ ഇന്നലെ ഇന്ത്യൻ ഓഹരികൾ കുതിക്കുമെന്ന് ഏറക്കുറെ ഉറപ്പായിരുന്നു. ഇതിനിടയിൽ, യുഎസ്ചൈന താരിഫ് സമവായ വാർത്തകൾ കൂടി വന്നതോടെ കുതിപ്പിന്റെ വേഗം കൂടി. സെൻസെക്സ് 2,975.43 പോയിന്റ് (+3.74%) കുതിച്ച് 82,429.90ലും നിഫ്റ്റി 916 പോയിന്റ് (+3.82%) മുന്നേറി 24,924.70ലുമാണ് വ്യാപാരം പൂർത്തിയാക്കിയത്. സെൻസെക്സ് ഒരുവേള 82,495.97 വരെ ഉയർന്നിരുന്നു; നിഫ്റ്റി 24,944.80 വരെയും. കഴിഞ്ഞ വർഷം സെപ്റ്റംബർ 27ന് കുറിച്ച 85,978.25 ആണ് സെൻസെക്സിന്റെ റെക്കോർഡ്.

ഇന്ത്യപാക്കിസ്ഥാൻ വെടിനിർത്തൽ, താരിഫ് വിഷയത്തിൽ യുഎസ്ചൈന സമവായം എന്നിവയ്ക്ക് പുറമെ വിവിധ കമ്പനികളുടെ വ്യക്തിഗത നേട്ടം, യുഎസ്ഏഷ്യൻ ഓഹരി വിപണികളുടെ ഉയർച്ച, മ്യൂച്വൽഫണ്ടിലേക്ക് എസ്ഐപി വഴിയുള്ള പണമൊഴുക്കിലെ റെക്കോർഡ് വളർച്ച (ഏപ്രിലിൽ എത്തിയത് റെക്കോർഡ് 26,632 കോടി രൂപ) തുടങ്ങിയ അനുകൂലഘടകങ്ങളും ഇന്ന് ഓഹരികളുടെ കുതിപ്പിന് വളമായി. ബിഎസ്ഇയിലെ കമ്പനികളുടെ സംയോജിത വിപണിമൂല്യം അഥവാ നിക്ഷേപക സമ്പത്ത് ഇന്ന് ഒറ്റദിവസം 16.15 ലക്ഷം കോടി രൂപ വർധിച്ചുവെന്നതും ശ്രദ്ധേയം. 416.40 ലക്ഷം കോടി രൂപയിൽ നിന്ന് 432.56 ലക്ഷം കോടി രൂപയായാണ് വർധന.

പാക്കിസ്ഥാൻ ഓഹരി വിപണിയിലെ കറാച്ചി സൂചിക (കെഎസ്ഇ100 ഇൻഡക്സ്) ഇന്ന് റെക്കോർഡ് 9.26% കുതിച്ചുയർന്നു. ഇന്നത്തെ വ്യാപാരം തുടങ്ങി ആദ്യ മണിക്കൂറിൽ തന്നെ നേട്ടം പരിധിവിട്ടതോടെ ഒരു മണിക്കൂർ നേരത്തേക്ക് നിർത്തിവച്ചിരുന്നു. 9,930 പോയിന്റാണ് സൂചിക ഇന്നലെ മുന്നേറിയത്.



# ടെസ്റ്റിൽ നിന്ന് വിരമിച്ച് വിരാട് കോഹ്‌ലി

**ന്യൂഡൽഹി:** ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് മുൻ ഇന്ത്യൻ നായകൻ വിരാട് കോഹ്‌ലി. സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് പങ്കുവെച്ചാണ് താരം വിരമിക്കൽ വിവരം പ്രഖ്യാപിച്ചത്. ഇത് എളുപ്പമല്ലെന്നും ടെസ്റ്റ് ക്രിക്കറ്റ് താൻ പ്രതീക്ഷിച്ചതിലേറെ തനിക്ക് തിരിച്ചുതന്നെന്നും കോഹ്‌ലി പോസ്റ്റിൽ പറഞ്ഞു. മുൻ ഇന്ത്യൻ നായകൻ രോഹിത് ശർമയ്ക്ക് പിന്നാലെയാണ് കോലിയും ടെസ്റ്റ് ക്രിക്കറ്റിന്റെ പടിയിറങ്ങുന്നത്.നേരത്തേ തന്നെ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് കോഹ്‌ലി വിരമിക്കാനുള്ള തീരുമാനമെടുത്തതായി റിപ്പോർട്ടുകളുണ്ടായിരുന്നു. പിന്നാലെ തീരുമാനത്തിൽ പുനരാലോചന നടത്താൻ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ആവശ്യപ്പെട്ടിരുന്നെങ്കിലും കോഹ്‌ലി വഴങ്ങാൻ തയ്യാറായില്ല. ഇംഗ്ലണ്ട് പര്യടനത്തിൽ കളിക്കണമെന്നാണ് സെലക്ടർമാർ ആവശ്യപ്പെട്ടിരുന്നതെങ്കിലും അതിന് കാത്തുനിൽക്കാതെ കോഹ്‌ലി ടെസ്റ്റിൽ നിന്ന് പടിയിറങ്ങാനുള്ള തീരുമാനമെടുക്കുകയായിരുന്നു.ടി20 ലോകകപ്പ് വിജയത്തിനുശേഷം ടന്റി20 ക്രിക്കറ്റിൽനിന്ന് കോഹ്‌ലി വിരമിച്ചിരുന്നു. ഇനി ഏകദിനത്തിൽ മാത്രമാണ് താരത്തെ കാണാനാവുക.



# ചൈനയും യുഎസും വ്യാപാര കരാർ പുതുക്കും


## പ്രഖ്യാപനം ഇന്ന്

**ജനീവ:** തിരിച്ചടി തീരുവയിൽ പരസ്പരം ഏറ്റു മുട്ടിയ ചൈനയും അമെരിക്കയും ഒടുവിൽ വ്യാപാരക്കരാർ പുതുക്കാൻ ധാരണയായി. ഇരു രാജ്യങ്ങളും തമ്മിൽ വ്യാപാരക്കരാർ ആയതായി അമേരിക്കയാണ് അറിയിച്ചത്.

കരാർ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ചൊവ്വാഴ്ച പ്രഖ്യാപിക്കുമെന്ന് അമേരിക്കൻ ട്രഷറി സെക്രട്ടറി സ്കോട്ട് ബെസൻറ്. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരക്കരാർ സംബന്ധിച്ച് ജനീവയിൽ കഴിഞ്ഞ രണ്ടു ദിവസങ്ങളായി നടന്നു വന്ന ചർച്ചയിൽ കാര്യമായ പുരോഗതിയുണ്ടെന്ന് അമേരിക്ക ആദ്യം തന്നെ വ്യക്തമാക്കിയിരുന്നു.

തിരിച്ചടി തീരുവയെ തുടർന്ന് ചൈനീസ് ഉൽപന്നങ്ങൾക്ക് അമേരിക്ക പ്രഖ്യാപിച്ച 145 ശതമാനം തീരുവ ജനീവ ചർച്ചയ്ക്ക് മുന്നോടിയായി 80 ശതമാനമാക്കി. തീരുവയിൽ തീരുമാനമായില്ലെങ്കിൽ ഇരു രാജ്യങ്ങൾക്കും വൻ നഷ്ടമുണ്ടാകുമെന്ന തിരിച്ചറിവിലാണ് ചർച്ചകൾ സജീവമായത്.

അമേരിക്ക ചൈന വ്യാപാര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്ന പ്രധാന ഘട്ടത്തിലാണ് ഇപ്പോൾ ചർച്ചകൾ. ചൈനയുമായുള്ള ചർച്ചയുടെ വിശദാംശങ്ങൾ അമേരിക്കൻ സംഘം പ്രസിഡൻറ് ട്രംപിനെ ധരിപ്പിച്ചു. തുടർന്നാണ് വ്യാപാരക്കരാർ സംബന്ധിച്ച പ്രഖ്യാപനം നാളെ നടക്കുമെന്ന സൂചന യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസൻറ് നൽകിയത്.



സൊസൈറ്റി ടുഡേ
SOCIETY TODAY



# നഗര ഹൃദയത്തെ ത്രസിപ്പിച്ച് ബോബ് മാർലി മ്യൂസിക് നൈറ്റ്

**കൊച്ചി:** ഐലൻഡ്സ് ഡെവലപ്മെന്റ് ആൻഡ് കൾച്ചറൽ അസോസിയേഷൻ മറൈൻ ഡ്രൈവ് കിൻസ് വാക്കേ ഓപ്പൺ സ്റ്റേജിൽ സംഘടിപ്പിച്ച് ബോബ് മാർലി മ്യൂസിക് നൈറ്റ് ശ്രോതാക്കൾക്ക് ആവേശമായി. ജമൈക്കൻ ഗായകൻ ബോബ് മാർലിയുടെ 44ാം അനുസ്മരണ ദിനത്തോടനുബന്ധിച്ചായിരുന്നു പരിപാടി. ചടങ്ങ് മേയർ എം. അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ശ്രോതാക്കൾക്കായി ജോസ്കോയുടെ ലക്കി ഡ്രോകോണ്ടസ്റ്റും സമ്മാനദാനവും നടത്തി. ജൂണിൽ പുറത്തിറങ്ങുന്ന കൂടൽ സിനിമയുടെ മ്യൂസിക് പ്രോമോയും ചടങ്ങിനോടനുബന്ധിച്ച് നടത്തി. സംഗീത ബ്രാൻഡുകളായ സംശിവ ബാൻഡ്, ലോബ്സ്റ്റർ ഫ്‌ലൈ, ഓസ്മിറോയിഡ്, എക്സ്റ്റസി എന്നിവർ സംഗീത നിശയിൽ ഗാനങ്ങളവതരിപ്പിച്ചു.

നടി മറീന മൈക്കിൾ, സംവിധായകരായ ഷാനു കാക്കൂർ, ഷാഫി എപ്പിക്കാട്, ഫിലിം കാമറമാൻ ഷാജീർ പാപ്പ എന്നിവർ അഥിതികളായി പങ്കെടുത്തു.

ചടങ്ങിൽ കൗൺസിലർ മനു ജേക്കബ്, ഗായിക തെന്നൽ, സാമൂഹ്യ പ്രവർത്തകൻ സുരീന്ദർസിങ് സേത്തി, ജോഷി ഡോൺബോസ്കോ, ഷാജി ജോർജ്, സിജോയ് വി ജോസഫ്, മത്തായി വർഗീസ് എന്നിവർ സംസാരിച്ചു.



# റാങ്കിംഗ് ഓപ്പൺ നാഷണൽ റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പ് പെരുമ്പാവൂരിൽ

**കൊച്ചി :** എട്ടാമത് റാങ്കിംഗ് ഓപ്പൺ നാഷണൽ റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിന് പെരുമ്പാവൂർ ആതിഥേയത്വം വഹിക്കും. മെയ് 15 മുതൽ 19 വരെ നെല്ലിമോളത്തിനടുത്തുള്ള ഏഷ്യാഡ്സ് ഇന്റർനാഷണൽ സ്പീഡ് സ്കേറ്റിംഗ് അക്കാദമിയിലാണ് ചാമ്പ്യൻഷിപ്പ് നടക്കുന്നത്. റോളർ സ്കേറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പിന്തുണയോടെ കേരള റോളർ സ്കേറ്റിംഗ് അസോസിയേഷനും എറണാകുളം ജില്ലാ അസോസിയേഷനും സംയുക്തമായാണ് ഈ ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. 33 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കേരളം ഒരു ദേശീയ റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്നത്.മെയ് 16ന് സംസ്ഥാന കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഏകദേശം 2000ത്തോളം റോളർ സ്കേറ്റിംഗ് താരങ്ങൾ ഈ ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കും. 12 വയസ്സുവരെയുള്ളവർ കേഡറ്റ്സ് വിഭാഗത്തിലും, 12 മുതൽ 15 വരെ സബ് ജൂനിയർ വിഭാഗത്തിലും, 15 മുതൽ 18 വരെ ജൂനിയർ വിഭാഗത്തിലും, 18 വയസ്സിന് മുകളിലുള്ളവർ സീനിയർ വിഭാഗത്തിലുമായി മത്സരിക്കും. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയരായ താരങ്ങളും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനെത്തും. മത്സരങ്ങൾക്ക് മുന്നോടിയായി മെയ് 13, 14 തീയതികളിൽ മത്സരാർത്ഥികൾക്ക് ട്രാക്കിൽ പരിശീലനം നടത്താൻ അവസരവുമുണ്ട്.

കേരളത്തിലെ ആദ്യ റോഡ് സർക്യൂട്ട്, 200 മീറ്റർ പിയു സിന്തറ്റിക് ബാംഗ്ഡ് ട്രാക്കാണ് (വളവിൽ ചെരിഞ്ഞ പ്രതലം) ഏഷ്യാഡ്സ് ഇന്റർനാഷണൽ സ്പീഡ് സ്കേറ്റിംഗ് അക്കാദമിയിലേത്. നിരപ്പായ പ്രതലമല്ലാത്തതിനാൽ സ്കേറ്റിംഗ് സമയത്ത് സ്പീഡ് കുറയ്ക്കാതെ തന്നെ നിയന്ത്രണം കൈവരിക്കുവാൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. സെബാസ്റ്റ്യൻ പ്രേം വൈസ് പ്രസിഡന്റ്, റോളർ സ്കേറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ, നുരാജ് പൈങ്ങാവിൽ ആർ സെക്രട്ടറി ഇൻ ചാർജ്, കേരള റോളർ സ്കേറ്റിംഗ് അസോസിയേഷൻ സിയാദ് കെ.എസ്. സ്കേറ്റിംഗ് പരിശീലകൻ, ഏഷ്യാഡ്സ് ഇന്റർനാഷണൽ സ്പീഡ് സ്കേറ്റിംഗ്അക്കാദമി എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ആലുവ മാർക്കറ്റ് റോഡ് വികസനത്തിന് പത്തു കോടി രൂപയുടെ ഭരണാനുമതി

**കൊച്ചി:** ആലുവ മാർക്കറ്റ് റോഡ് സ്ഥലം ഏറ്റെടുത്ത് വീതികൂട്ടി നിർമിക്കുന്നതിനായി പത്തു കോടി രൂപയുടെ ഭരണാനുമതിയായി. കാരോത്തുകുഴി ജംഗ്ഷൻ മുതൽ ദേശീയപാതയുടെ സർവീസ് റോഡ് വരെ 350 മീറ്റർ ദൂരത്തിൽ 7.5 മീറ്റർ കാര്യേജ് വേയോടുകൂടി 12 മീറ്റർ വീതിയിലായിരിക്കും റോഡ് വികസിപ്പിക്കുക. ഇരുവശങ്ങളിലും എലവേറ്റഡ് നടപ്പാതകളും നിർമിക്കും. അരി മാർക്കറ്റിലേയും ദേശീയപാതയുടെ സർവീസ് റോഡുമായി ബന്ധിപ്പിക്കുന്ന മാർക്കറ്റ് റോഡിലേയും ചർച്ച് ജംഗ്ഷനിലേയും കുപ്പിക്കഴുത്ത് ഇല്ലാതാക്കി ഗതാഗതം സുഗമമാക്കാൻ ഇതിലൂടെ സാധിക്കും. റോഡ് വികസിപ്പിക്കുന്നതിനായി 25 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നാണ് വ്യക്തമായിട്ടുള്ളത്. സെന്റിന് 27 ലക്ഷം രൂപ വച്ച് 6.75 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനു മാത്രം ചെലവാകും. ഇങ്ങനെ ഏറ്റെടുക്കുന്ന ഭൂമിയിലെ സ്ഥാവര വസ്തുക്കൾക്ക് ആകെ 1.45 കോടി രൂപയും നഷ്ടപരിഹാര ചെലവും കണക്കാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലും സ്ഥാവര വസ്തുക്കൾക്കുള്ള നഷ്ടപരിഹാരവും യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും റോഡിന്റെ നിർമാണച്ചെലവും 18 ശതമാനം ജിഎസ്ടിയും ചേർത്താണ് 10 കോടി രൂപയ്ക്ക് ഇപ്പോൾ ഭരണാനുമതിയായിരിക്കുന്നത്.

# വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിൽ അധ്യാപകരുടെ പങ്ക് നിർണായകം



**ഇടപ്പള്ളി:** ഒരു രാജ്യത്തിന്റെ സമഗ്ര വികസനം പുതുതലമുറയെ ആശ്രയിച്ചാണിരിക്കുന്നതെന്നും അവരെ വാർത്തെടുക്കുന്ന അധ്യാപക സമൂഹമാണ് സമഗ്രവികസനത്തിന് അടിസ്ഥാനമെന്ന് തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണർ പി വി ബേബി പറഞ്ഞു. സൈവൈവ് സെന്റർ ഫോർ മെന്റൽ ഹെൽത്ത് കെയർ അധ്യാപകർക്ക് വേണ്ടി സംഘടിപ്പിച്ച 'ബീയോണ്ട് ദി ബ്ലാക്ക്ബോർഡ് ' എന്ന സെമിനാറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളെ മാനസികമായി അടുത്തറിയുവാൻ എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സെമിനാറിൽ സൈക്കോളജി, സൈക്യാട്രി, അധ്യാപക മേഖലയിലുള്ളവർ കുട്ടികളിലെ പെരുമാറ്റ വൈകല്യം, അളഒള, ഓട്ടിസം, പഠനാപരമായ വൈകല്യങ്ങൾ, അധ്യാപക വിദ്യാർത്ഥി ബന്ധം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസെടുത്തു ഇടപ്പള്ളി കീഹോൾ ക്ലിനിക്കിൽ രാവിലെ 9 മണിമുതൽ തുടങ്ങിയ സെമിനാര് എറണാകുളം ഡി ഇ ഒ കെ കെ ഓമന ഉദ്ഘാടനം ചെയ്തു. ഓരോ കുട്ടികളെയും മനസിലാക്കി അവർക്ക് നേർവഴി കാട്ടികൊടുക്കേണ്ടത് അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും, അധ്യാപകർക്ക് സഹായകമാവുന്ന ഇത്തരത്തിലുള്ള സെമിനാറുകൾ ഓരോ സ്കൂളിലും സംഘടിപ്പിക്കണമെന്നും ഉദഘാടന വേളയിൽ കെ കെ ഓമന പറഞ്ഞു.

സെമിനാറിൽ സി ബി എസ് ഇ സ്കൂൾ മാനേജ്മന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഇബ്രാഹിം ഖാൻ, കീഹോൾ ക്ലിനിക് സി എം ഡി ഡോ. ആർ പദ്മകുമാർ, സൈവൈവ് സെന്റർ ഫോർ മെന്റൽ ഹെൽത്ത് കെയർ സൈക്കോളജിസ്റ്റ് ദിവ്യ പദ്മകുമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സോനം മനോജ് എന്നിവർ പങ്കെടുത്തു



# കോർപ്പറേറ്റ് ക്രിക്കറ്റ് ലീഗ്: തിരുവനന്തപുരം എച്ച് ആന്റ് ആർ ബ്ലോക്ക് ചാമ്പ്യന്മാർ

**കൊച്ചി :** മയക്കുമരുന്ന് വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിനായി വിപിഎസ് ലേക്ഷോർ ആശുപത്രിയുടെ നേതൃത്വത്തിൽ എറണാകുളം കുഫോസ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഫ്ളഡ്‌ലൈറ്റ് കോർപ്പറേറ്റ് ക്രിക്കറ്റ് ലീഗിൽ തിരുവനന്തപുരം എച്ച് ആന്റ് ആർ ബ്ലോക്ക് ചാമ്പ്യന്മാരായി.

ഫൈനൽ മത്സരത്തിൽ വിപിഎസ് ലേക്ഷോർ ടീമിനെതിരെ 59 റൺസിനാണ് തിരുവനന്തപുരം എച്ച് ആന്റ് ആർ ബ്ലോക്ക് ചാമ്പ്യന്മാരായത്.ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത എച്ച് ആന്റ് ആർ ബ്ലോക്ക് 6 ഓവറിൽ 101 റൺസ് നേടി. അനൂപ് എംസി (31 റൺസ്, 11 പന്ത്, 4 സിക്സ്) മികച്ച പ്രകടനം കാഴ്ചവച്ചു. മറുപടി ബാറ്റിംഗിന് ഇറങ്ങിയ വിപിഎസ് ലേക്ഷോർ 6 ഓവറിൽ 42 റൺസ് നേടി. മത്സരത്തിലെ താരമായി ലേക്ഷോറിന്റെ അമീറിനെ തിരഞ്ഞെടുത്തു.മെയ് 10 മുതൽ 12 വരെ നടന്ന ക്രിക്കറ്റ് ടൂർണമെന്റിൽ സംസ്ഥാനത്തെ വിവിധ കോർപ്പറേറ്റ് സ്ഥാപനങ്ങൾ ആയ ടി സി എസ് , വിപ്രോ, ജിയോജിത്, ആശുപത്രികൾ ആയ ആസ്റ്റർ മെഡ്സിറ്റി, രാജഗിരി ഹോസ്പിറ്റൽ, കാലിക്കറ്റ് മെഡിക്കൽ കോളേജ്, എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, പോലീസ് വിഭാഗം, തപാൽ വകുപ്പ്, എക്സൈസ് വകുപ്പ് തുടങ്ങിയ 20 ഓളം ടീമുകളാണ് പങ്കെടുത്തത്. കായികത്തിലൂടെ യുവാക്കളെ മയക്കുമരുന്നിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ശ്രമമായാണ് ഇത്തരത്തിൽ ഒരു സംസ്ഥാനതല ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചതെന്ന് ലേക്ഷോർ എം ഡി എസ് കെ അബ്ദുള്ള പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പാവക്കുളത്ത് പൗർണ്ണമി പൊങ്കാല അർപ്പിച്ച് ഭക്തർ

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാലയിൽ പങ്കെടുത്ത് നൂറുകണക്കിന് ഭക്തർ പൊങ്കാല അർപ്പിച്ചു.ഇന്നലെ രാവിലെ ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയും സഹധർമിണി ലയ അന്തർജനവും, മാതാവും ക്ഷേത്ര സന്നിധിയിലെ തലപൊങ്കാല അടുപ്പിലേക്ക് ദിവ്യജ്യോതി പകർന്നു. തുടർന്ന് ദശപുഷ്പംകൊണ്ട് അലങ്കരിച്ച ഉരുളിയിൽ ദേവിക്ക് പൊങ്കാല നിവേദ്യം സമർപ്പിച്ചു. ശേഷം മറ്റു പൊങ്കാല അടുപ്പുകളിലേക്കും ദീപം പകർന്നു. എറണാകുളത്തെ ഏറ്റവും വലിയ പൗർണമി പൊങ്കാലക്ക് കടുത്ത വെയിലിലും അനേകം ഭക്തർ പാവക്കുളത്തമ്മക്ക് പൊങ്കാലയിട്ടു. പൊങ്കാല മഹോൽസവത്തോടനുബന്ധിച്ച് രാവിലെ ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡന്റ് പങ്കജാക്ഷൻ .ടി തുടങ്ങി മറ്റു ഭാരവാഹികൾക്കൊപ്പം മേൽശാന്തിയുടെ കാർമികത്വത്തിൽ വഴികളിൽ നിരത്തിയ പൊങ്കാല അടുപ്പുകളിൽ തീർത്ഥം തെളിച്ചശേഷമാണ് പൊങ്കാലസമർപ്പണത്തിനു തുടക്കം കുറിച്ചത്. പൊങ്കാലസമയത്ത് രാവിലെ മുതൽ യജ്ഞാചാര്യൻ ബ്രഹ്മശ്രീ മൂർക്കന്നൂർ മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ രാജരാജേശ്വരി ഹോമം നടന്നു.തുടർന്ന് പ്രസാദമൂട്ടും ഉണ്ടായിരുന്നു.



# പിറവത്ത് ആധുനിക അജൈവ മാലിന്യ സംസ്കരണ പ്ലാന്റിന് തറക്കല്ലിട്ടു

**കൊച്ചി:** പിറവം നഗരസഭയുടെ കണ്ണീറ്റുമലയിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ശിലാസ്ഥാപനം നഗരസഭ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു നിർവഹിച്ചു.കേരള ഖരമാലിന്യ പരിപാലന പദ്ധതി ( കെ എസ് ഡബ്ല്യു.എം.പി ) യുടെ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. എം.സി.എഫിന്റെ വിപുലീകരണത്തിനായി 1.28 കോടി രൂപയുടെ പദ്ധതിക്കാണ് തുടക്കം കുറിച്ചത്.മാലിന്യ സംസ്കരണത്തിൽ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. പുതിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി അജൈവ മാലിന്യത്തിന്റെ പരിപാലനം മെച്ചപ്പെടുത്തുകയും, പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുവാനാണ് ശ്രമിക്കുന്നത്. ഇതിനൊപ്പം ഈ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ സാഹചര്യവും മെച്ചപ്പെടുത്തുകയാണ് ഉദ്ദേശിക്കുന്നതെന്ന് ചെയർപേഴ്സൺ അഡ്വ. ജൂലി സാബു പറഞ്ഞു.കണ്ണേറ്റു മലയിൽ നടന്ന ചടങ്ങിൽ നഗരസഭ വൈസ് ചെയർമാൻ കെ.പി സലിം അധ്യക്ഷത വഹിച്ചു.കെ എസ് ഡബ്ല്യു.എം.പി എൻവറോൺമെന്റ് എക്സ്‌ചേപേർട്ട് സാലിഹ ഇ. എം പദ്ധതി വിശദീകരണം നടത്തി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി ഏലിയാസ് , വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജൂബി പൗലോസ്,പൊതു മരാമത്ത് സ്റ്റാൻിംഗ് കമ്മിറ്റി ചെയർമാൻ ബിമൽ ചന്ദ്രൻ, വാർഡ് കൗൺസിലർ ഡോ. അജേഷ് മനോഹർ, നഗരസഭ കൗൺസിലർമാരായ ഗിരീഷ് കുമാർ. പി , പ്രീമ സന്തോഷ്, ഷെബി ബിജു, ഏലിയാമ ഫിലിപ്പ്, മോളി വലിയ കട്ടയിൽ, ഡോ. സഞ്ജിനി പ്രതീഷ്, സോമൻ വല്ലയിൽ, കെ.സി തങ്കച്ചൻ, ജോസ് പാറേക്കാട്ടിൽ, സോജൻ ജോർജ്, രാജു തെക്കൻ , നഗരസഭ സെക്രട്ടറി പ്രകാശ് കുമാർ വി , എന്നിവർ പ്രസംഗിച്ചു.ചടങ്ങിൽ നഗരസഭ സൂപ്രണ്ട് പി. സുലഭ , അസി. എഞ്ചിനിയർ ഷാരോൺ സുധാകരൻ, ആരോഗ്യ വിഭാഗം മേധാവി വിശ്വം പി.എസ്, കൗൺസിലർമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ആരോഗ്യ എഞ്ചിനിയറിംങ് വിഭാഗം ജീവനക്കാർ, ഹരിത കർമ്മസേന, ശുചീകരണ തൊഴിലാളികൾ, കെ.എസ്. ഡബ്ല്യു.എം.പി നഗരസഭ എഞ്ചിനിയർ സന ഫാത്തിമ, കെ.എസ്. ഡബ്ല്യു.എം.പി ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായി.

# കുസാറ്റ്: ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവിലേക്ക് വാക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) റൂസ 2.0 പദ്ധതിയുടെ ഭാഗമായി താൽകാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന ജൂനിയർ റിസർച്ച് ഫെല്ലോ തസ്തികയിലേക്ക് മെയ് 15 രാവിലെ 10:30 ക്ക് വാക്ഇൻ ഇന്റർവ്യൂ നടത്തുന്നു. മറൈൻ ബയോളജി/ സുവോളജി /അക്വാട്ടിക് ബയോളജി/ ലൈഫ് സയൻസ്/ എൻവയോൺമെന്റൽ സയൻസ് അല്ലെങ്കിൽ സമാനമായ വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവരും നെറ്റ്/ഗേറ്റ് പരീക്ഷകൾ പാസ്സ് ആയവരും ഇന്റർവ്യൂവിന് യോഗ്യരാണ്.

ഉദ്യോഗാർത്ഥികൾ അവരുടെ ബയോഡാറ്റ , ശെരിയായ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ഗവേഷണ പരിചയം, എല്ലാ പരീക്ഷകളുടെ മാർക്ക്ഷീറ്റ്, എൻഒസി (ജോലിയിൽ ഉള്ളവർക്ക്) എന്നിവ കൊണ്ട് വരേണ്ടതാണ്. എല്ലാ രേഖകളുടെ ഒറിജിനലും ഇന്റർവ്യൂ സമയം കൊണ്ട് വരണം.താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 15 ന് മറൈൻ ബയോളജി വിഭാഗം, സ്കൂൾ ഓഫ് മറൈൻ സയൻസ്, കുസാറ്റിൽ രാവിലെ 10:30 ക്ക് ഇന്റർവ്യൂവിന് ഹാജരാകണം.

## സീനിയർ റിസർച്ച് ഫെല്ലോ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) റൂസ 2.0 പ്രോജെക്റ്റിൽ താൽക്കാലിക സീനിയർ റിസർച്ച് ഫെല്ലോ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബയോടെക്നോളജി അല്ലെങ്കിൽ ലൈഫ് സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. ചഋഠ/ഏഅഠഋ യോഗ്യത, മോളിക്യൂലാർ ബയോളജി, സെൽ കൾച്ചർ ടെക്നിക്കുകളിൽ പരിചയസമ്പത് എന്നിവ ആഭികാമ്യം. മെയ് 22ന് രാവിലെ 11:00 മണിക്ക് കുസാറ്റ് ബയോടെക്നോളജി വകുപ്പിൽ വച്ച് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാനായി താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബിയോഡേറ്റ engellur@gmail.com എന്ന വിലാസത്തിൽ മെയ് 17ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

## 11 കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് പ്രശസ്ത സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ സയൻസ്) വിഭാഗത്തിലെ 20212026 ബാച്ചിലുള്ള എം.എസ് .സി (ഇന്റഗ്രേറ്റഡ്) വിദ്യാർത്ഥികളിൽ നിന്ന് 11 വിദ്യാർത്ഥികൾ പ്രശസ്ത സ്ഥാപങ്ങളിൽ നിന്നും ഇന്റേൺഷിപ്പ് കരസ്ഥമാക്കി. ഹിറാ മൊഹമ്മദ് കെ, നമിത എം.എസ്, ഫർഹാ ടി.എ, സാൻഡ്രലയ എസ്, ആതിര മോഹൻദാസ്, അഷിത പി, ലെനറ്റ് തോമസ്, അഭിഷേക് മോഹൻ കെ. എബിൻ പി.ടി, സോനാ റോസാ ബബ്ലൂ, അഭിഷേക് പി എന്നിവർക്കാണ് ഇന്റേൺഷിപ് ലഭിച്ചത്.

പിക്സിഡയനാമിക്സ്, പെർലസ്പോർട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി (ഐ.ഐ.എസ്.ടി), തിരുവനന്തപുരം, ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് (ബി.ഐ.ടി.എസ്), ഗോവ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി), തിരുപ്പതി എന്ന പ്രശസ്ഥ സ്ഥാപനങ്ങളിലാണ് ഇവർക്ക് ഇന്റേൺഷിപ് ലഭിച്ചിരിക്കുന്നത്. ഇന്റേൺഷിപ്പുകൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലീർണിങ്, ഡാറ്റ സയൻസ് തുടങ്ങിയ മുന്നേറിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിചയം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

# അനധികൃതമായി പ്രവേശന നടപടികൾ കണ്ടെത്തിയാൽ സ്കൂളുകളുടെ അംഗീകാരം റദ്ദാക്കുമെന്ന് വി. ശിവൻകുട്ടി

**ആലപ്പുഴ:** സ്കൂളുകൾ അനധികൃതമായി പ്ലസ് വൺ പ്രവേശനം നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ചേർന്ന സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിന്റെ സ്വാഗതസംഘ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സർക്കുലർ ഇറക്കിയിട്ടുണ്ട്. അത് പാലിക്കാതെ പ്രവേശനം നടത്തുന്നത് നിയമവിരുദ്ധമാണ്. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവേശനം നടത്തിയാൽ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു പോലെതന്നെ അത് റദ്ദാക്കാനുമുള്ള അധികാരവും പൊതു വിദ്യാഭ്യാസ വകുപ്പിനുണ്ട്. അതുകൊണ്ടുതന്നെ ഇനി കേരളത്തിൽ വിദ്യാഭ്യാസം കച്ചവടം ആക്കി മാറ്റാമെന്ന് ആരും ചിന്തിക്കേണ്ടെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ പി. പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിച്ചു. എം.എസ് അരുൺകുമാർ,ദലീമ ജോജോ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



ലോക നേഴ്സിംഗ് ദിനാചരണത്തോടനുബന്ധിച്ച് ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രിയുടെയും , ഇന്ദിരാഗാന്ധി കോളജ് ഓഫ് നേഴ്സിംഗിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന നേഴ്സിംഗ് ദിനാചരണ സമ്മേളനം ഫോർട്ട് കൊച്ചി ആർഡിഒ കെ. മീര ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു. സെറീന, ഡോ. പ്രൊഫ. ജിൻസി ജോൺ, ഇന്ദിരാ ബായ് പ്രസാദ്, എം. ഒ ജോൺ, പി.വി അഷ്റഫ്, ലീലാമ്മ ഫിലിപ്പ്, പ്രൊഫ. എ. ക്രിസ്റ്റൽ എന്നിവർ സമീപം

# നേഴ്സുമാർക്ക് ആദരമൊരുക്കി ഇന്ദിരാഗാന്ധി ആശുപത്രി

## നേഴ്സുമാർ നിശബ്ദ സേന: കെ. മീര ഐഎഎസ്

**കൊച്ചി:** ലോക നേഴ്സിംഗ് ദിനാചരണത്തോടനുബന്ധിച്ച് നേഴ്സുമാർക്ക് ആദരമൊരുക്കി എറണാകുളം ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രി. ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രിയുടെയും, ഇന്ദിരാഗാന്ധി കോളജ് ഓഫ് നേഴ്സിംഗിന്റെയും സംയുക്താഭിമുഖ്യത്തിൽ ആശുപത്രി അങ്കണത്തിൽ നടന്ന നേഴ്സിംഗ് ദിനാചരണ സമ്മേളനം ഫോർട്ട് കൊച്ചി ആർഡിഒ കെ. മീര ഐഎഎസ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ആരോഗ്യമേഖലയിലെ നിശബ്ദവും ശക്തവുമായ സേനയാണ് നേഴ്സുമാർ എന്ന് കെ. മീര ഐഎഎസ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ലോകത്തിന്റെ ഏതു മൂലയിൽ ചെന്നാലും കേരളത്തിലെ നേഴ്സുമാർക്ക് പ്രത്യേക പരിഗണനയും സ്നേഹവുമാണ് ലഭിക്കുന്നത്. നേഴ്സുമാരെയും ഡോക്ടർമാരെയും ശാക്തീകരിക്കാതെ ആരോഗ്യമേഖലയിൽ എന്തു നിക്ഷേപം നടത്തിയിട്ടും കാര്യമില്ലെന്നും കെ. മീര ഐഎഎസ് പറഞ്ഞു.ഇന്ദിരാഗാന്ധി കോളജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പാൾ ഡോ. പ്രൊഫ. ജിൻസി ജോൺ, വൈസ് പ്രിൻസിപ്പാൾ പ്രൊഫ. എ. ക്രിസ്റ്റൽ, നേഴ്സിംഗ് സൂപ്രണ്ടന്റ് ലീലാമ്മ ഫിലിപ്പ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. മികച്ച ഹെഡ് നേഴ്സായി തിരഞ്ഞെടുക്കപ്പെട്ട അന്നമ്മ സി. വർഗ്ഗീസ്, സ്റ്റാഫ് നേഴ്സായി തിരഞ്ഞെടുക്കപ്പെട്ട എൽ. രഞ്ചു, മികച്ച നേഴ്സിംഗ് യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട ടീം ജി വാർഡ് എന്നിവർക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ആശുപത്രി പ്രസിഡന്റ് എം. ഒ ജോൺ, അധ്യക്ഷത വഹിച്ചു.ആശുപത്രി സെക്രട്ടറി അജയ് തറയിൽ, ഡയറക്ടർമാരായ പി.വി അഷ്റഫ്, ഇന്ദിരാ ബായ് പ്രസാദ്, പി.ഡി അശോകൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ആശുപത്രിയിലെ നേഴ്സിംഗ് സ്റ്റാഫുകളുടെയും വിദ്യാർഥികളുടെയും നേതൃത്വത്തിൽ വിവിധ കലാപരിപാടികളും നടന്നു.

# ടാലി പ്രൈം 6.0 അവതരിപ്പിച്ച് ടാലി സൊല്യൂഷൻസ്

**കൊച്ചി:** ബിസിനസ് ഓട്ടോമേഷൻ സോഫ്റ്റ്‌വെയർ ദാതാവായ ടാലി സൊല്യൂഷൻസ് ടാലി പ്രൈം 6.0 അവതരിപ്പിച്ചു. ചെറുകിട, ഇടത്തരം വാണിജ്യ സംരംഭങ്ങൾക്കുള്ള (എസ്എംഇ) സാമ്പത്തിക പ്രവർത്തനങ്ങൾ ലളിതമാക്കുന്നതിനും, കണക്റ്റഡ് ബാങ്കിംഗ് സുഗമമാക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണിത്. ടാലി പ്രൈമിന്റെ ഈ നവീകരിച്ച പതിപ്പ് ബിസിനസുകൾക്കും അക്കൗണ്ടന്റുമാർക്കും ബാങ്ക് റികൺസിലിയേഷൻ, ബാങ്കിംഗ് ഓട്ടോമേഷൻ, സാമ്പത്തിക മാനേജ്മെന്റ് എന്നിവ സുഗമമാക്കും.

ഇൻവോയ്സിംഗ്, ഇവേ ബിൽ ജനറേഷൻ, ജി എസ് ടി ചട്ടങ്ങൾക്ക് അനുസൃതമായ പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ നൽകുന്നതിലുള്ള വൈദഗ്ദ്ധ്യം കൂടുതൽ മികച്ചതാക്കി സംയോജിത ബാങ്കിംഗ് വഴി




എസ്എംഇകളെ ശാക്തീകരിക്കുന്നതിന് ഇത് സഹായിക്കുന്നു. കണക്റ്റഡ് ബാങ്കിംഗ് എന്ന ഈ സവിശേഷത, ബാങ്കിംഗ് പ്രവർത്തനങ്ങളെ പൂർണ്ണമായും ടാലിയിലേയ്ക്ക് കൊണ്ടുവരുന്നു. ഈ പ്ലാറ്റ്ഫോമിൽ ഉപയോക്താക്കൾക്ക് തത്സമയ ബാങ്ക് ബാലൻസുകളും ഇടപാട് അപ്ഡേറ്റുകളും നേരിട്ട് പരിശോധിക്കാൻ കഴിയും.

കൂടാതെ, യുപിഐ പേയ്മെന്റുകളുടെയും പേയ്മെന്റ് ലിങ്കുകളുടെയും സംയോജനം കളക്ഷനുകൾ ലളിതമാക്കുകയും, സുഗമമായ സാമ്പത്തിക ഇടപാട് ഉറപ്പാക്കുന്നു.

സുരക്ഷിതമായ ബാങ്കിംഗ് ഇടപാടുകൾ ഉറപ്പാക്കുന്നതിന് എൻഡ്ടുഎൻഡ് എൻക്രിപ്ഷൻ, വിവിധ ആക്സസ് കൺട്രോളുകൾ, തത്സമയ തട്ടിപ്പ് കണ്ടെത്തൽ എന്നിവ ഉൾക്കൊള്ളുന്ന ടാലിപ്രൈം 6.0 ന്റെ മറ്റൊരു പ്രധാന സവിശേഷതയാണ് അതിന്റെ സുരക്ഷ.

കണക്റ്റഡ് ജി എസ് ടി ഇഇൻവോയ്സിംഗ്, വാട്ട്സ്ആപ്പ് അധിഷ്ഠിത അലേർട്ടുകൾ, ക്ലൗഡ് ആക്സസ്, സംയോജിത ഫിനാൻസിങ് പോലുള്ളവ ഉപയോഗിച്ച് ബിസിനസുകളെ ടാലി കൂടുതൽ മികച്ചതാക്കുന്നു.

# ട്രൂകാളറിന്റെ എഐ മെസ്സേജ് ഐഡി അവതരിപ്പിച്ചു

**കൊച്ചി:** ലോകത്തിലെ മുൻനിര ആശയവിനിമയ പ്ലാറ്റ്ഫോമായ ട്രൂകാളർ, എഐപവേർഡ് മെസ്സേജ് ഐഡികൾ അവതരിപ്പിച്ചു. നൂതന ആർട്ടിഫിഷ്യൽ ഇന്റലിജൻസും ലാർജ് ലാംഗ്വേജ് മോഡലുകളും ഉപയോഗിച്ച്, ഈ പുതിയ ഫീച്ചർ ഉപകരണത്തിൽത്തന്നെ എസ്എംഎസ് ഇൻബോക്സ് സ്കാൻ ചെയ്യുകയും പ്രധാനപ്പെട്ട ബിസിനസ് സന്ദേശങ്ങൾ തൽക്ഷണം തിരിച്ചറിയുകയും ചെയ്യുന്നുവെന്ന് അധികൃതർ വ്യക്തമാക്കി. ബാങ്ക് അലേർട്ടുകൾ, ഒടിപികൾ, ഡെലിവറി അപ്ഡേറ്റുകൾ, ഫ് ളൈറ്റ് യാത്രാ വിവരങ്ങൾ, പേയ്മെന്റ് ഓർമ്മപ്പെടുത്തലുകൾ എന്നിവ മുതൽ ശബ്ദഘോഷങ്ങൾക്കിടയിലും മെസ്സേജ് ഐഡികൾ പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.



# ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് സൗജന്യ നേത്ര പരിശോധനയുമായി ആസ്റ്റർ

**കൊച്ചി:** എറണാകുളം ജില്ലയിലെ ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് വേണ്ടിയുള്ള സൗജന്യ നേത്ര പരിശോധനയുടെ ജില്ലാതല ഉദ്ഘാടനം കളമശ്ശേരി പത്താം പയസ് പള്ളി പാരിഷ് ഹാളിൽ വച്ച് കേരള വ്യവസായ, തൊഴിൽ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. നൂറോളം തൊഴിലാളികൾ ക്യാമ്പിൽ പങ്കെടുത്തു.ഓട്ടോ തൊഴിലാളി ജില്ലാ ഭാരവാഹികളായ എൻ. ശ്രീകുമാർ, സി.ജെ ഷാജു, കെ.ആർ വിജയൻ, റ്റി.എ സക്കീർ, അഡ്വ മുജീബ് റഹ്മാൻ, ആസ്റ്റർ മെഡ് സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് കാദർ എന്നിവർ പങ്കെടുത്ത ചടങ്ങിൽ ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ അസിസ്റ്റന്റ് ജനറൽ മാനേജർ ലത്തീഫ് കാസിം പദ്ധതി വിശദീകരിച്ചു.ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ എക്സിലോർ ലക്സോട്ടിക്ക ഫൗണ്ടേഷനുമായി ചേർന്ന് ജില്ലയിലെ സർക്കാർ, എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിവരുന്ന ക്ലിയർ സൈറ്റ് പദ്ധതിയുടെ തുടർച്ചയായാണ് വേനൽ അവധി കാലത്ത് ഓട്ടോറിക്ഷ ഡ്രൈവർമാർക്കായി സൗജന്യ നേത്ര പരിശോധന സൗകര്യം ഒരുക്കുന്നത്. എറണാകുളം ജില്ല ഓട്ടോ ഡ്രൈവേഴ്സ് അസോസിയേഷനുമായി ചേർന്നാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. അർഹരായ ഡ്രൈവർമാർക്ക് നിബന്ധനകൾക്കു വിധേയമായി സൗജന്യ കണ്ണടയും നൽകും.

# ബ്ലൂ ഇക്കോണമി ദേശീയ പരിശീലന ശിൽപശാലയ്ക്ക് ഇന്ന് തുടക്കം

**കൊച്ചി:** ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട ദേശീയ പരിശീലന ശിൽപശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ഇന്ന് (മെയ് 13, ചൊവ്വ) തുടങ്ങും.

രാവിലെ 9.30ന് ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി ഡയറക്ടർ ഡോ ബാലാജി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിക്കും. സമുദ്രവിഭവങ്ങളുടെ വിനിയോഗത്തിലെ സാങ്കേതിക മുന്നേറ്റം, മത്സ്യത്തൊഴിലാളികൾക്കുള്ള മുന്നറിയിപ്പുകൾ, സമുദ്ര ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട് വിദഗ്ധർ പ്രഭാഷണം നടത്തും. സമുദ്രമത്സ്യ മേഖലയിലെ സാധ്യതകളെയും വെല്ലുവിളികളെയും കുറിച്ച് ഇന്ത്യയിലെ മുൻനിര സമുദ്രശാസ്ത്രജ്ഞർ സംസാരിക്കും.സിഎംഎഫ്ആർഐയും വിജ്ഞാന ഭാരതിയും സംയുക്തമായാണ് അഞ്ച് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നത്. ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) മുൻ ഡയറക്ടർ ഡോ സതീഷ് ഷേണായ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി (എൻ ഐ ഒ) മുൻ ഡയറക്ടർ ഡോ എസ് പ്രസന്നകുമാർ, വിജ്ഞാന ഭാരതി സെക്രട്ടറി രതീഷ് കുമാർ രവീന്ദ്രൻ എന്നിവർ സംസാരിക്കും.അഞ്ച് ദിവസത്തെ ശിൽപശാലയിൽ ബ്ലൂ ഇക്കോണമിയിൽ മത്സ്യമേഖലയുടെ സാധ്യതകൾ; സമുദ്ര ജൈവ വൈവിധ്യം; കാലാവസ്ഥാ വ്യതിയാനം,

ഫിഷറീസ് മാനേജ്മെന്റ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും. രാജ്യത്തുടനീളമുള്ള 20 പേരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. ശിൽപശാലയുടെ ഭാഗമായി സമുദ്ര ജീവിതത്തെക്കുറിച്ചുള്ള ഫിലാറ്റലിക് പ്രദർശനവും നടക്കും.

# കാനറ റോബെക്കോ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് ആരംഭിച്ചു

**കൊച്ചി:** അസറ്റ് മാനേജറായ കാനറ റോബെക്കോ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് ആരംഭിച്ചു. ഇക്വിറ്റി ആന്റ് ഇക്വിറ്റി അനുബന്ധ ഇൻസ്ട്രുമെന്റുകൾ, ഡെബ്റ്റ് ആന്റ് മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, സ്വർണ ഇടിഎഫുകൾ, വെള്ളി ഇടിഎഫുകൾ എന്നിവയിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺഎൻഡഡ് സ്കീമാണ് കാനറ റോബെക്കോ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. മെയ് ഒമ്പതിന് ആരംഭിച്ച ഫണ്ട് ഓഫർ മെയ് 23ന് അവസാനിക്കും.അസറ്റ് ക്ലാസുകളുടെ ആനുകാലിക ഒപ്റ്റിമൈസേഷൻ, വരുമാന വേഗത, വിപണി മൂല്യനിർണ്ണയം, ഇക്വിറ്റി അപകടസാധ്യത പ്രീമിയം, പോർട്ട്ഫോളിയോ വിന്യാസം സുഗമമാക്കൽ എന്നിവയിൽ ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കും. മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് ഉൽപ്പന്ന ഓഫറുകൾ വികസിപ്പിക്കുന്നതിനൊപ്പം വിപണിയുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ വൈവിധ്യമാർന്ന പരിഹാരങ്ങൾ നിക്ഷേപകർക്ക് നൽകാനുള്ള തങ്ങളുടെ കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് കാനറ റോബെക്കോ അസറ്റ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രജനീഷ് നരുല പറഞ്ഞു.

# ജൂനിയർ മാസ്റ്റർ ഷെഫ് പാചക മത്സരം




**കൊച്ചി:** കുട്ടികളിലെ പാചക പ്രതിഭകളെ കണ്ടെത്തുന്നതിനായി ഫോറം ജൂനിയർ മാസ്റ്റർ യുവ എന്ന പേരിൽ പാചക മത്സരം സംഘടിപ്പിക്കുന്നു. 7 മുതൽ 10 വരെയും 11 മുതൽ 15 വരെയും വയസ്സിനുള്ളിലുള്ളവർക്ക് രണ്ട് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടക്കുക. ഈ മാസം 23, 24 തീയതികളിൽ പ്രാഥമിക റൗണ്ടുകളും 25ന് ഗ്രാൻഡ്ഫിനാലെയും സംഘടിപ്പിച്ചിരിക്കുന്നത്. വിജയികൾക്ക് 15,000 രൂപ വരെയുള്ള ക്യാഷ് പ്രൈസും 10,000 രൂപ വരെയുള്ള ഗിഫ്റ്റ് വൗച്ചറുകളും സമ്മാനമായി നൽകും. ഓൺ ലൈനായോ, ഫോറം കൊച്ചി മാൾ ഹെൽപ്പ് ഡെസ്ക്കിലോ, 9880714500 എന്ന നമ്പറിലോ രജിസ്ട്രേഷനായി ബന്ധപ്പെടുക. അവസാന തീയതി മെയ് 20.

# കേന്ദ്ര സർക്കാരിനും സേനകൾക്കും ഐക്യദാർഢ്യവുമായി ഐസിഐഐ

**കൊച്ചി:** അതിർത്തി കടന്നുള്ള ഭീകരവാദ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ തിരിച്ചടി നൽകുന്ന കേന്ദ്ര സർക്കാരിന്റെയും വിവിധ സേനകളുടെയും നടപടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ലോകത്തെ ഏറ്റവും വലിയ അക്കൗണ്ടിംഗ് സംഘടനയായ ഐസിഐഐ. അധികൃതർ നിർദേശിക്കുന്നതനുസരിച്ച് സംഘർഷ മേഖലയിലെ സന്നദ്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തയ്യാറാണെന്ന് ഐസിഐഐ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

ഇന്ത്യ പാകിസ്ഥാൻ അതിർത്തി പ്രദേശങ്ങളോട് ചേർന്ന് 13 ശാഖകളാണ് ഐസിഐഐയ്ക്കുള്ളത്. ജീവനക്കാരെയും മറ്റ് അംഗങ്ങളെയും ഏകോപിപ്പിച്ചു സംഘർഷ മേഖലകളിൽ അവശ്യ മരുന്നുകളും മറ്റു അടിയന്തര സേവനങ്ങളും നൽകാനാണ് ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി വിവിധ സർക്കാർ ഏജൻസികളുമായും പ്രാദേശിക സമൂഹവുമായും ചേർന്ന് പ്രവർത്തിക്കുമെന്ന് വാർത്താകുറിപ്പിലൂടെ അറിയിച്ചിട്ടുണ്ട്. മിസൈൽ, ഷെൽ ആക്രമണ ബാധിത പ്രദേശങ്ങളിലെ സാധാരണ ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനോടൊപ്പം അവർക്കുവേണ്ട മരുന്നുകൾ, ഭക്ഷണം, ആംബുലൻസ് സേവനം, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ ഉറപ്പുവരുത്താൻ ഐസിഐഐയ്ക്ക് സാധിക്കുമെന്ന് ഐസിഐഐ പ്രസിഡന്റ് ചരൺജോത് സിംഗ് നന്ദ പറഞ്ഞു. രാജ്യത്തെ 177 ശാഖകളിലായി 14ലക്ഷത്തോളം അംഗങ്ങളും വിദ്യാർഥികളുമാണ് ഐസിഐഐയ്ക്കുള്ളത്.

# വേനൽക്കാല കളിപ്പാട്ട ഗെയിം ശ്രേണിയുമായി ഫൺസ്കൂൾ

**ചെന്നൈ:** മുൻനിര കളിപ്പാട്ട നിർമ്മാതാക്കളായ ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ്, വേനൽക്കാലം മുഴുവൻ കുട്ടികളെ ഇടപഴകാനും സൃഷ്ടിപരമായി പ്രചോദിപ്പിക്കാനും രൂപകൽപ്പന ചെയ്തിരിക്കുന്ന പുതിയൊരു നിര കളിപ്പാട്ടങ്ങളും ഗെയിമുകളും പുറത്തിറക്കി.

ഫൺസ്കൂളിന്റെ ജനപ്രിയ ഇൻഹൗസ് ബ്രാൻഡുകളായ ഗിഗിൾസ്, ഹാൻഡിക്രാഫ്റ്റ്സ്, പ്ലേ & ലേൺ, ഫണ്ടോ എന്നിവയിലുടനീളം സാങ്കൽപ്പിക റോൾപ്ലേ സെറ്റുകളും വിദ്യാഭ്യാസ ബോർഡ് ഗെയിമുകളും മുതൽ മനോഹരമായി രൂപകൽപ്പന ചെയ്ത പസിലുകളും കലാപരമായ കിറ്റുകളും വരെ പുതിയ ശ്രേണിയിൽ ഉൾപ്പെടുന്നു.




ഗെയിംസ് വിഭാഗത്തിൽ ഫണ്ടോ മെഗാ കേക്ക് ഫാക്ടറി, ഫണ്ടോ ബ്രേക്ക്ഫാസ്റ്റ് സെറ്റ്, സ്കോട്ട്ലൻഡ് യാർഡ് ഡീലക്സ്, സ്കോട്ട്ലൻഡ് യാർഡ് ജൂനിയർ, ട്രയോമിനോസ്, സീക്വൻസ് ഫോർ കിഡ്സ്, ഡോബിൾ കിഡ്സ്, ക്യൂബ് കോൺക്വയർ, റമ്മികുബ് ജോയ് എന്നിവ ഏറ്റവും പുതിയ കൂട്ടിച്ചേർക്കലുകളിൽ ഉൾപ്പെടുന്നു.

കുഞ്ഞുങ്ങൾക്കും കുട്ടികൾക്കും പ്രീസ്കൂൾ കുട്ടികൾക്കും വേണ്ടി, ഫൺസ്കൂൾ, ഗിഗിൾസ് ബ്രാൻഡിന് കീഴിൽ വുഡൻ വണ്ടർലാൻഡ് പ്ലേജിം, യൂണികോൺ സൈലോഫോൺ, ബീ ബ്ലോസം സ്റ്റാക്കർ, വോബിൾസ് ട്രെയിൻ എക്സ്പ്രസ്, ജൂനിയർ സാൻഡ് പ്ലേസെറ്റ്, അനിമൽ സ്ക്വീക്കേഴ്സ് (2, 4 സെറ്റുകളിൽ) എന്നിവ അവതരിപ്പിച്ചു.

ക്രാഫ്റ്റ് പ്രേമികൾക്ക് ഹാൻഡിക്രാഫ്റ്റ്സിൽ നിന്നുള്ള ക്യാൻവാസ് ആർട്ട് ഫാന്റസി, പെപ്പ പിഗ് തീം സ്ക്രാപ്പ്ബുക്ക്, അനിമൽ കിംഗ്ഡത്തെ അടിസ്ഥാനമാക്കിയുള്ള ഫിംഗർപെയിന്റിംഗ് എന്നിവ ഉൾപ്പെടുന്നു. പ്ലേ & ലേൺ ശ്രേണിയിലെ വിദ്യാഭ്യാസ പസിലുകളിൽ വ്യത്യസ്ത സങ്കീർണ്ണതകളുള്ള പസിലുകൾ ഉൾപ്പെടുന്നു ഫെയറി 4ഇൻ1 പസിൽ (120 പീസുകൾ), പാണ്ട പസിൽ (300 പീസുകൾ), സങ്കീർണ്ണമായ കൊളോസിയം പസിൽ (1000 പീസുകൾ) എന്നിവ.

ഫൺസ്കൂൾ ഇന്ത്യയുടെ സിഇഒ കെ. എ. ഷബീർ പറഞ്ഞു, 'ഭാവനയും പഠനവും ഉണർത്തുന്ന സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ കളിപ്പാട്ടങ്ങൾ സൃഷ്ടിക്കുന്നതിലാണ് ഞങ്ങളുടെ അഭിനിവേശം. ഓരോ പുതിയ ലോഞ്ചും കളിസമയത്ത് കുട്ടിയുടെ വളർച്ചയെയും വികാസത്തെയും പിന്തുണയ്ക്കുന്നുവെന്ന് ഞങ്ങൾ ഉറപ്പാക്കുന്നു. ഈ വേനൽക്കാല ശേഖരം സർഗ്ഗാത്മകതയും ലക്ഷ്യവും സംയോജിപ്പിച്ച് വിനോദത്തോടൊപ്പം സമ്പന്നമായ കളി അനുഭവങ്ങളും വാഗ്ദാനം ചെയ്യുന്നു.

പുതിയ ശ്രേണി കളിപ്പാട്ടങ്ങൾ ഇപ്പോൾ എല്ലാ സ്റ്റോറുകളിലും ലഭ്യമാണ്, വില 249 രൂപ മുതൽ 2,749 രൂപ വരെ.


# കൊച്ചിയിൽ ബോഡർ പ്ലസ്സിന്റെ നഴ്സസ് പരിശീലന കേന്ദ്രം

**കൊച്ചി:**പ്രൊഫഷണലുകളെ വിദേശങ്ങളിലേക്ക് റിക്രൂട്ട് ചെയ്യാൻ സഹായിക്കുന്ന ബോഡർ പ്ലസ് കൊച്ചിയിൽ നഴ്സസ് പരിശീലന കേന്ദ്രം തുടങ്ങി. കേരളത്തിലെ നഴ്സുമാരെ ആഗോള തലത്തിൽ സേവനമനുഷ്ഠിക്കാൻ സാധിക്കും വിധം പാകപ്പെടുത്തുകയാണ് ലക്ഷ്യം.

ഇപ്പോൾ 120 പേരെയാണ് പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. പിന്നീട് ഇത് 500 ആയി വർധിപ്പിക്കും.

ഇന്ത്യൻ നഴ്സുമാർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി അടുത്ത രണ്ട് വർഷത്തിനകം 10 കോടി രൂപ ബോഡർ പ്ലസ് സ്കോളർഷിപ്പിനത്തിൽ ചെലവഴിക്കുമെന്ന് കമ്പനി സ്ഥാപകരായ മായങ്ക് കുമാറും ആയുഷ് മാഥുറും പറഞ്ഞു.

പരിശീലനത്തിന് ചേരാനാഗ്രഹിക്കുന്നവർ ബോഡർ പ്ലസ്സിന്റെ വെബ്സൈറ്റായ : http://bit.ly/4jQG27F സന്ദർശിച്ച് അപേക്ഷിക്കണം.



ബോഡർ പ്ലസ്സിന്റെ കൊച്ചി പരിശീലന കേന്ദ്രം കമ്പനി ബിസിനസ് ഹെഡ് ആഷിഷ് ലാബ്രൂ ഉദ്ഘാടനം ചെയ്യുന്നു

# ഗോൾഡ് എക്സ്ചേഞ്ച് മേളയുമായി ജോയ്ആലുക്കാസ്

**കൊച്ചി:** പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് ഉപഭോക്താക്കൾക്കായി 'ദ ബിഗ് ഗോൾഡ് എക്സ്ചേഞ്ച് മേള' സംഘടിപ്പിക്കുന്നു. പഴയ ആഭരണങ്ങൾ മാറ്റി വാങ്ങുമ്പോൾ ഗ്രാമിന് 100 രൂപ അധികം ലഭിക്കുന്ന എക്സ്ചേഞ്ച് മേള ഈ മാസം 25ന് അവസാനിക്കും. ഉപഭോക്താക്കൾക്ക് ജോയ്ആലുക്കാസിന്റെ നൂതന ഫാഷനിലും ഡിസൈനിലുമുള്ള ആഭരണങ്ങൾ സ്വന്തമാക്കാനുള്ള അവസരമായാണ് ദ ബിഗ് ഗോൾഡ് എക്സ്ചേഞ്ച് മേള സംഘടിപ്പിക്കുന്നത്. പഴയ സ്വർണ്ണാഭരണങ്ങൾക്ക് അധിക മൂല്യം നൽകുന്നതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ ആഭരണങ്ങൾ പർച്ചേസ് ചെയ്യാം.

ഉപഭോക്താക്കൾക്ക് മികച്ച ഓഫറുകൾ നൽകുന്നതിന്റെ ഭാഗമായാണ് ദ ബിഗ് ഗോൾഡ് എക്സ്ചേഞ്ച് മേള സംഘടിപ്പിക്കുന്നതെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു. പഴയ സ്വർണാഭരണങ്ങൾ മാറ്റി പുതിയത് വാങ്ങാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് സ്വർണം പർച്ചേസ് ചെയ്യാവുന്ന അനുയോജ്യമായ സമയമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉപഭോക്താക്കൾക്ക് ജോയ്ആലുക്കാസിന്റെ അടുത്തുള്ള ഷോറൂമുകളിൽനിന്നും ദ ബിഗ് ഗോൾഡ് എക്സ്ചേഞ്ച് മേളയിലൂടെ ആഭരണങ്ങൾ കരസ്ഥമാക്കാം.

Joyalukkas
World's favourite jeweller

# മെഴ്സിഡസ് ബെൻസ് എക്സ്ഷോറൂം വില പരിഷ്ക്കരിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ആഡംബര കാർ നിർമാതാക്കളായ മെഴ്സിഡസ് ബെൻസ് ഇന്ത്യ, മോഡൽ നിരകളിലെ എക്സ്ഷോറൂം വിലകളിൽ രണ്ട് ഘട്ടങ്ങളിലായുള്ള നൂതന വില പരിഷ്ക്കരണം പ്രഖ്യാപിച്ചു. ആദ്യഘട്ടം 2025 ജൂൺ ഒന്ന് മുതലും രണ്ടാം ഘട്ടം സെപ്റ്റംബർ ഒന്ന് മുതലും പ്രാബല്യത്തിൽ വരും. ഉപഭോക്താക്കൾക്ക് അവരുടെ സാമ്പത്തിക ചെലവിന് അനുസൃതമായി അവരുടെ വാങ്ങലുകൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഫ് ളെക്സിബിലിറ്റി വാഗ്ദാനം ചെയ്യുന്നതിനാണ് ഈ ക്രമാനുഗതമായ വില പരിഷ്കരണം നടപ്പിലാക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. വാഹന ഘടകങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രത്യേകിച്ച്, സിബിയുകളുടെ ചെലവ് ഘടനയെ സാരമായി ബാധിക്കുന്ന തരത്തിൽ 2025 ജനുവരി മുതൽ വിദേശ വിനിമയനിരക്കുകളിലുണ്ടായ കുത്തനെയുള്ള വർധനവാണ് വില പരിഷ്കരണത്തിന് കാരണമായത്.പ്രാദേശികവൽക്കരണ സംരംഭങ്ങൾ കൂടുതൽ ആഴത്തിലാക്കുന്നത് തുടരുന്നതിനാൽ, വില വർധനവിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് മെഴ്സിഡസ് ബെൻസ് ഇന്ത്യ ഉപഭോക്താക്കൾക്ക് കൈമാറുന്നത്. ഇതുവരെയുള്ള വൻ ചെലവ് വർധനവ് മെഴ്സിഡസ്ബെൻസ് തന്നെ വഹിക്കുകയാണ് ചെയ്തത്, എന്നാൽ പ്രവർത്തന ചെലവുകളിലുള്ള ആഘാതം നികത്തുന്നതിനും ബിസിനസ് സുസ്ഥിരത നിലനിർത്തുന്നതിനും ഇപ്പോൾ കുറഞ്ഞ ചെലവ് വിപണിയിലേക്ക് കൈമാറാൻ നിർബന്ധിതരാവുകയായിരുന്നുവെന്നും കമ്പനി അധികൃതർ അറിയിച്ചു.

# എസ് ഐ സി സി ഐ മേഖലാ സമ്മേളനം നടത്തി


**കൊച്ചി:** ഭക്ഷ്യസംസ്കരണ മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സതേൺ ഇന്ത്യ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (എസ് ഐ സി സി ഐ) മേഖലാ വ്യവസായ സമ്മേളനം സംഘടിപ്പിച്ചു. നയ പിന്തുണ, നവോത്ഥാന സാധ്യതകൾ, ആഗോള പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ, വ്യവസായ മേഖലയിലെ പ്രമുഖരെ പങ്കെടുപ്പിച്ചാണ് സമ്മേളനം നടന്നത്. എസ് ഐ സി സി ഐ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം മണികണ്ഠൻ , അമാൽഗം ഫുഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടറും കൊച്ചി ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റുമായ എസ്.പി. കമത് ഇന്ത്യയുടെ ഭക്ഷ്യസംസ്കരണ ശേഷി വികസിപ്പിക്കാൻ തന്ത്രപരമായ പങ്കാളിത്തവും പുതുമയും അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടി.

## ജിയോസ്റ്റാർ ജീത്തോ ധൻ ധനാ ധൻ മത്സരം: രാജ്കിഷോർ ഖുന്തിയ ആദ്യ എസ്യുവി വിജയി

**കൊച്ചി:** പ്ലേഓഫിനായുള്ള ടീമുകളുടെ കടുത്തപോരാട്ടവുമായി ടാറ്റ ഐപിഎൽ 2025 സീസൺ പുരോഗമിക്കുന്നതിനിടെ തങ്ങളുടെ ജനപ്രിയ പ്രവചന മത്സരമായ ജീത്തോ ധൻ ധനാ ധൻ (ജെഡിഡിഡി) ൻറെ ആദ്യ വിജയിയെ പ്രഖ്യാപിച്ച് ജിയോസ്റ്റാർ. ഒഡീഷയിലെ ഭദ്രക് സ്വദേശിയായ രാജ്കിഷോർ ഖുന്തിയ ഈ സീസണിലെ ഫ്രീ ടു പ്ലേ മത്സരത്തിലൂടെ എസ്യുവി നേടുന്ന ആദ്യ വ്യക്തിയായി.ടാറ്റ ഐപിഎൽ മത്സരങ്ങൾ കാണുമ്പോൾ തന്നെ സമ്മാനങ്ങളും ബ്രാൻഡ് കൂപ്പണുകളും നേടാനുള്ള അവസരമാണ് ജീത്തോ ധൻ ധനാ ധൻ കാഴ്ച്ചക്കാർക്ക് നൽകുന്നത്. തത്സമയ പ്രവചനത്തെ അടിസ്ഥാനമാക്കിയുള്ള ലളിതമായ ചോദ്യങ്ങൾ കാഴ്ചാനുഭവം കൂടുതൽ ആവേശകരമാക്കുകയും ചെയ്യും.

കളി കാണുമ്പോൾ തന്നെ ഫോൺ പോർട്രെയിറ്റ് മോഡിൽ പിടിച്ച് ആപ്പിലെ ജീത്തോ ടാബിൽ പോയി ഓരോ ഓവറിനും മുമ്പായി പ്രത്യക്ഷപ്പെടുന്ന ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. ഇതിനായി നാല് ഓപ്ഷനുകളും ഉണ്ടാവും. സ്റ്റാർ സ്പോർട്സിൽ മത്സരം കാണുന്നവർക്ക് ക്യൂആർ കോഡ് അല്ലെങ്കിൽ jeeto.jiohotstar.com എന്ന യുആർഎൽ വഴിയും തത്സമയ മത്സരങ്ങളിൽ പങ്കെടുക്കാമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

## ഭാരവാഹികൾ



ഡോ. ജോൺ തയ്യിൽ ജോൺ, ഡോ. സിബിൻ സുരേന്ദ്രൻ, ഡോ. ശ്രീഹരി സി.കെ

**കൊച്ചി :** അസോസിയേഷൻ ഓഫ് ആർത്രോസ്കോപ്പിക് സർജൻസ്, കേരള ചാപ്റ്ററിന്റെ പുതിയ പ്രസിഡന്റായി ഡോ. ജോൺ തയ്യിൽ ജോണിനെയും സെക്രട്ടറിയായി ഡോ. സിബിൻ സുരേന്ദ്രനെയും ട്രഷററായി ഡോ. ശ്രീഹരി സി.കെ എന്നിവരെയും തിരഞ്ഞെടുത്തു.

കൊച്ചിയിലെ ലൂർദ് ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം മേധാവിയാണ് ഡോ. ജോൺ തയ്യിൽ ജോൺ. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സീനിയർ ഓർത്തോപീഡിക് സർജനാണ് ഡോ. സിബിൻ സുരേന്ദ്രൻ. കണ്ണൂരിലെ ആസ്റ്റർ മിംസിൽ സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജനായി സേവനം അനുഷ്ഠിക്കുകയാണ് ഡോ.ശ്രീഹരി സി.കെ.



# ലുലുവിൽ ഇനി മാമ്പഴക്കാലം

**കൊച്ചി:** മാമ്പഴങ്ങളുടെ ഉത്സവകാലവുമായി ലുലു മാംഗോ ഫെസ്റ്റിന് തുടക്കമായി. വിവിധ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത 40 ലധികം വരുന്ന മാമ്പഴങ്ങളുമായിട്ടാണ് മാഗോ ഫെസ്റ്റ് തുടങ്ങിയത്. മാമ്പഴം കൊണ്ടുള്ള വിഭവങ്ങളും ഫെസ്റ്റിവലിൽ ലഭ്യമാണ്. ഇന്ത്യയിൽ നിന്നുള്ള മാമ്പഴ വൈവിധ്യങ്ങളാണ് മുഖ്യ ആകർഷണം. കൂടാതെ വിദേശ രാജ്യങ്ങളിൽ ലഭ്യമായ മാമ്പഴങ്ങളും മേളയിൽ ലഭ്യമാണ്. നടന്മാരായ റിയാസ് ഖാനും ഹേമന്ദ് മേനോനും ചേർന്ന് ഉദ്ഘാടനം ചെയ്തു. ലുലു ഹൈപ്പർ മാർക്കറ്റിലെ പവലിയൻ സന്ദർശിച്ച താരങ്ങൾ മാമ്പഴങ്ങൾ രുചിച്ചു. ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് , ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ എന്നിവർ സന്നിഹിതരായി. മാംഗോ ഫെസ്റ്റ് 18ന് അവസാനിക്കും.

## ഹോണ്ട 2025 സിബി650ആർ, സിബിആർ650ആർ പുറത്തിറങ്ങി

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച് എംഎസ്ഐ ) 2025 സിബി650ആർ, സിബിആർ650ആർ മോട്ടോർസൈക്കിളുകൾ ഇക്ലച്ച് സാങ്കേതികവിദ്യയോടെ അവതരിപ്പിച്ചു. 650സിസി മിഡിൽവെയിറ്റ് സെഗ്മെന്റിലുള്ള ഈ ബൈക്കുകൾ ഇന്ത്യയിൽ ഹോണ്ടയുടെ ആധുനികമായ ഇക്ലച്ച് സാങ്കേതികവിദ്യ ഉൾക്കൊള്ളുന്ന ആദ്യ മോഡലുകളാണ്.രാജ്യത്തെ എല്ലാ ബിഗിവിങ് ഡീലർഷിപ്പുകളിലും ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞു, ഡെലിവറികൾ മേയ് 2025 അവസാന വാരത്തിൽ ആരംഭിക്കാനാണ് സാധ്യത.

